ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മനുഷ്യ ബഹിരാകാശ ദൌത്യമായ ഗഗൻയാന് രാജ്യം സജ്ജമെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ്.

**India is ready for the human space mission Gaganyaan, says Defence Minister Rajnath Singh.**

2. സംയോജിത വ്യോമ പ്രതിരോധ-ആയുധ സംവിധാനത്തിന്റെ പരീക്ഷണപ്പറക്കൽ വിജയകരമായി പൂർത്തീകരിച്ച് ഡി.ആർ.ഡി.ഒ.

**DRDO successfully completes test flight of the Integrated Air Defence Weapon System.**

3. ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്ക മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി.

**Fiji Prime Minister Sitiveni Rabuka arrives in India on a three-day visit.**

4. നിയമസഭാ സ്പീക്കർമാരുടേയും നിയമനിർമാണ കൌൺസിൽ അധ്യക്ഷൻമാരുടേയും അഖിലേന്ത്യാ

സമ്മേളനം ന്യൂഡൽഹിയിൽ ആരംഭിച്ചു. കേന്ദ്രആഭ്യന്തരമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു.

**All-India Conference of Legislative Assembly Speakers and Legislative Council Chairpersons begins in New Delhi. Union Home Minister Amit Shah inaugurates the event.**

5. കേരളത്തിൽ, അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്.

**Health Department intensifies vigilance in Kerala against amoebic meningoencephalitis.**

6. യുഎസ് ഓപ്പൺ ടെന്നീസിൻറെ 145-ാം പതിപ്പിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും.

**The 145th edition of the US Open Tennis begins today in New York.**

&&&&&&&&&&&&&&&&&&

**HEADLINE-2**

**REV. DRDO-IADWS**

സംയോജിത വ്യോമ പ്രതിരോധ-ആയുധ സംവിധാനമായ IADWS ൻറെ പരീക്ഷണപ്പറക്കൽ വിജയകരമായി പൂർത്തീകരിച്ച് ഡി.ആർ.ഡി.ഒ. ഒഡീഷ തീരത്തിന് സമീപം, ഇന്നലെയായിരുന്നു പരീക്ഷണം. തദ്ദേശീയമായി വികസിപ്പിച്ച മൂന്ന് സുപ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് IADWS. മുതിർന്ന ശാസ്ത്രജ്ഞരും, സായുധ സേന പ്രതിനിധികളും പരീക്ഷണത്തിന് സാക്ഷ്യം വഹിച്ചു. ഇൻറഗ്രേറ്റഡ് എയർ ഡിഫൻസ് വെപ്പൺ സിസ്റ്റം വിജയകരമായി പരീക്ഷിച്ചതിനെ രാജ്യരക്ഷ മന്ത്രി രാജ് നാഥ് സിംഗ് അനുമോദിച്ചു. വ്യോമമാർഗമുള്ള വിവിധ

വെല്ലുവിളികൾക്കെതിരെ പ്രതിരോധം ശക്തമാക്കാൻ, ബഹുതല സംവിധാനം സഹായിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE-1

## GAGANYATRI– FELICITATION (INTRO)

*ബഹിരാകാശ യാത്രക്കായി തിരഞ്ഞെടുത്ത നാല് ഇന്ത്യൻ ഗഗൻയാത്രികളെ രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗിന്റെ നേതൃത്വത്തിൽ ആദരിച്ചു. ന്യൂഡൽഹിയിലെ സുബ്രതോ പാർക്ക് വ്യോമസേനാ ഓഡിറ്റോറിയത്തിൽ ആയിരുന്നു പരിപാടി. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യാത്ര വിജയകരമായി പൂർത്തിയാക്കിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലക്ക് പുറമെ, വ്യോമസേനാ ടെസ്റ്റ് പൈലറ്റുമാരായ പ്രശാന്ത് ബാലകൃഷ്ണൻ നായർ, അജിത്ത് കൃഷ്ണൻ, അംഗദ് പ്രതാപ് എന്നിവരെയും ആദരിച്ചു. മനുഷ്യ ബഹിരാകാശ ദൌത്യമായ ഗഗൻയാന് രാജ്യം സജ്ജമാണെന്ന് ശ്രീ. രാജ് നാഥ് സിങ് പറഞ്ഞു. ബഹിരാകാശ മേഖലയിൽ ഇന്ത്യക്ക് ഇനിയും ഒട്ടേറെ മുന്നേറാൻ ഉണ്ടെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.*

*(ഹോൾഡ് – വോയിസ്)*

&&&&&&&&&&&&&&&&&&

## HEADLINE-3

## FIJI PM – INDIA VISIT

ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്ക മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. രാവിലെ ഡൽഹിയിലെത്തിയ റബൂക്കയെ കേന്ദ്ര സഹമന്ത്രി സുകാന്ത് മജുംദാർ സ്വീകരിച്ചു. പത്നി സുലേറ്റി റബൂക്കയും, ഫിജി ആരോഗ്യമന്ത്രിയും അദ്ദേഹത്തോടൊപ്പമുണ്ട്. പ്രധാനമന്ത്രിയായി സ്ഥാനമേറ്റ ശേഷം റബൂക്കയുടെ ആദ്യ ഇന്ത്യൻ സന്ദർശനമാണിത്. പ്രധാന മന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം നാളെ കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിനേയും അദ്ദേഹം സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## COAS - ALGERIA VISIT

ഔദ്യോഗിക സന്ദർശനത്തിനായി കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി അൾജീരിയിലേക്കു തിരിച്ചു. നാളെ മുതൽ ഈ മാസം 28 വരെയാണ് സന്ദർശനം. അൾജീരിയയിലെ മുതിർന്ന രാഷ്ട്ര - സൈനിക നേതാക്കളുമായും ഇന്ത്യൻ അംബാസഡർ സ്വാതി കുൽക്കർണി യുമായും ജനറൽ ദ്വിവേദി കൂടിക്കാഴ്ച നടത്തും. പ്രമുഖ സൈനിക സ്ഥാപനങ്ങൾ സന്ദർശിക്കുന്ന അദ്ദേഹം രക്തസാക്ഷി സ്മാരകത്തിൽ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## COAL MINISTER-MINERAL EXCHANGE

സെബിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി രാജ്യത്ത് ലണ്ടൻ മെറ്റൽ എക്സ്ചേഞ്ചിന് സമാനമായ ധാതു വ്യാപാര വിനിമയ കേന്ദ്രം സ്ഥാപിക്കുമെന്ന് കൽക്കരി ഖനി മന്ത്രി ജി കിഷൻ റെഡ്ഡി. ഹൈദരാബാദിൽ മാധ്യമങ്ങളുമായി സംവദിക്കവേയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ധാതു വ്യവസായങ്ങൾക്കും വ്യാപാരികൾക്കും മികച്ച വില കണ്ടെത്താൻ ഇതിലൂടെ സാധിക്കും. കൽക്കരി ഇറക്കുമതി ഗണ്യമായി കുറച്ചതായും, അതേസമയം കയറ്റുമതി ചെയ്യാൻ ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## SHAHEED RAJGURU

സ്വാതന്ത്ര്യ സമര സേനാനി രാജ്ഗുരുവിന്റെ ജന്മവാർഷികദിനത്തിൽ ആദരമർപ്പിച്ച് നേതാക്കൾ. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി, രാജ്ഗുരു സർവ്വസ്വവും സമർപ്പിച്ചുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സമൂഹ മാധ്യമത്തിൽ കുറിച്ചു. അദ്ദേഹത്തിന്റെ അചഞ്ചലമായ ദേശസ്നേഹം രാജ്യസേവനത്തിൽ യുവജനങ്ങളെ പ്രചോദിപ്പിക്കുന്നുവെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ പറഞ്ഞു.ഭഗത് സിംഗ്, സുഖ്ദേവ് എന്നിവരോടൊപ്പം, രക്തസാക്ഷിത്വം വഹിച്ച സ്വാതന്ത്ര്യ സമര സേനാനിയാണ് രാജ്ഗുരു.

&&&&&&&&&&&&&&&&&&

**ECI- SIR BIHAR**

ബിഹാറിൽ തീവ്രവോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി 98.2 ശതമാനം വോട്ടർമാരുടെയും രേഖകൾ ലഭിച്ചു കഴിഞ്ഞതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. അവസാന തീയതിക്ക് എട്ട് ദിവസം ശേഷിക്കെയാണ് ഇത്. കരട് പട്ടിക സംബന്ധിച്ച പരാതികൾ ഉന്നയിക്കാനും, ആവശ്യമായ രേഖകൾ സമർപ്പിക്കാനും സെപ്റ്റംബർ ഒന്ന് വരെ സമയം അനുവദിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...**

**(ബ്രേക്ക്)**

&&&&&&&&&&&&&&&&&&

**HEADLINE-6**

**US OPEN TENNIS**

യുഎസ് ഓപ്പൺ ടെന്നീസിന്റെ 145-ാം പതിപ്പിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ, ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ ഇറ്റലിയുടെ യാനിക് സിന്നർ, സ്പെയിനിന്റെ കാർലോസ് അൽകാരസ്, നാല് തവണ യുഎസ് ഓപ്പൺ ജേതാവായ നൊവാക് ജോക്കോവിച്ച്, ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവ് എന്നിവർ മത്സരിക്കും വനിതാ വിഭാഗത്തിൽ, അരിന സബലെങ്ക 2024 ലെ തൻറെ കിരീടം നിലനിർത്താൻ പൊരുതുമ്പോൾ, ലോക ഒന്നാം നമ്പർ താരം ഇഗ സ്വിയാറ്റെക്, 2023 ലെ ചാമ്പ്യൻ കൊക്കോ ഗൗഫ്, ജെസീക്ക പെഗുല തുടങ്ങിയവരും മത്സരിക്കും. പുരുഷ സിംഗിൾസ് ആദ്യ റൗണ്ട് മത്സരങ്ങൾ രാത്രി 8.30ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&

**REV ARCHERY**

കാനഡയിൽ നടന്ന ലോക യൂത്ത് ചാമ്പ്യൻഷിപ്പിൽ വ്യക്തിഗത ജൂനിയർ ലോക കോമ്പൗണ്ട് ആർച്ചറി കിരീടം നേടിയ ആദ്യ ഇന്ത്യൻ വനിതാ താരമായി ചികിത താനിപർത്തി ചരിത്രം സൃഷ്ടിച്ചു. അണ്ടർ 21 വനിതാ കോമ്പൗണ്ട് സ്വർണ്ണ മെഡൽ മത്സരത്തിൽ കൊറിയയുടെ യെറിൻ പാർക്കിനെ 142-136 എന്ന സ്കോറിനാണു ചികിത പരാജയപ്പെടുത്തിയത് .

&&&&&&&&&&&&&&&&&

**HEADLINE-4**

**AMIT SHAH**

*ജനങ്ങളുടെ ശബ്ദം പ്രതിഫലിപ്പിക്കാൻ നിയമനിർമാണ സഭകൾക്ക് കഴിയണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഭരണഘടനയുടെ അന്തസത്ത കാത്ത് സൂക്ഷിക്കാൻ സഭാ സ്പീക്കർമാർ ശ്രമിക്കുന്നതിൽ അഭിമാനം കൊള്ളുകയാണെന്നും ആഭ്യന്തരമന്ത്രി വ്യക്തമാക്കി.*

*സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ആദ്യ സ്പീക്കറായി വിത്തൽഭായ് പട്ടേൽ സ്ഥാനമേറ്റതിന്റെ ശതാബ്ദി ആഘോഷത്തോട് അനുബന്ധിച്ച് ഡൽഹി നിയമസഭയിൽ സംഘടിപ്പിക്കുന്ന ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.*

*(വോയിസ്)*

*29 സംസ്ഥാന നിയമസഭകളുടെ സ്പീക്കർമാരും ആറ് സംസ്ഥാനങ്ങളിലെ നിയമസഭാ കൗൺസിൽ ചെയർമാൻമാരും വൈസ് ചെയർമാൻമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. സമാപന സമ്മേളനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള അധ്യക്ഷത വഹിക്കും.*

&&&&&&&&&&&&&&&&&

**HEADLINE-5**

**AMOEBIC MENINGOENCEPHALITIS**

കേരളത്തിൽ, അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. രോഗം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സംഘം ജലസ്രോതസുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ചു. പരിശോധനാ ഫലം ലഭിച്ചാലേ രോഗ ഉറവിടം സംബന്ധിച്ച് സ്ഥിരീകരിക്കാനാകൂ. നിലവിൽ ഏഴു

പേരാണ് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിൽ ഉള്ളത്.

&&&&&&&&&&&&&&&&&&

## MEMU SERVICE - GEORGE KURIAN

ഷൊർണൂർ ജങ്ഷനെയും നിലമ്പൂർ റോഡിനെയും ബന്ധിപ്പിച്ചുകൊണ്ട് പുതിയ മെമു പാസഞ്ചർ സർവീസ് ആരംഭിച്ചു. വൈകിട്ട് 5.40-ന് എറണാകുളം ജംഗ്ഷനിൽ നിന്നു പുറപ്പെടുന്ന മെമു, 10.05 ന് നിലമ്പൂർ എത്തുന്ന രീതിയിലാണ് സമയക്രമം. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്നലെ രാത്രി മെമു സർവീസിൻറെ ഫ്ലാഗ് ഓഫ് നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## CENTRAL TEAM AT KUTTANAD

കേരളത്തിൽ കുട്ടനാട്ടിലെ കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി മത്സ്യക്കൃഷിയുടെ സാധ്യതകൾ പഠിക്കുന്നതിന് കേന്ദ്ര ഫിഷറീസ് വിദഗ്ദസംഘം ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലകൾ സന്ദർശിച്ചു. രാമങ്കരിയിൽ മത്സ്യ കൃഷി നടത്തുന്ന തൊള്ളായിരം പാടശേഖരമാണ് സംഘം ആദ്യം സന്ദർശിച്ചത്.

&&&&&&&&&&&&&&&&&&

## VP-NOMINATIONS

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. മഹാരാഷ്ട്ര ഗവർണർ സിപി രാധാകൃഷ്ണൻ എൻഡിഎ സ്ഥാനാർത്ഥിയായും മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

&&&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ

കി ബാത്ത് ഈ മാസം 31 ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

**RUSSIA - UKRAINE**

കഴിഞ്ഞ ആഴ്ച യുക്രൈൻ നടത്തിയ ഷെൽ - ഡ്രോൺ ആക്രമണങ്ങളിൽ 22 പേർ കൊല്ലപ്പെടുകയും 105 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി റഷ്യൻ വിദേശകാര്യ മന്ത്രാലയം. ആക്രമണത്തിനിരയായ റഷ്യൻ പ്രദേശങ്ങൾ അടയാളപ്പെടുത്തുന്ന ഭൂപടം മന്ത്രാലയം പുറത്തുവിട്ടു. യുക്രൈനിന്റെ 160 ഡ്രോണുകൾ കഴിഞ്ഞ ദിവസം തകർത്തതായും റഷ്യ അവകാശപ്പെട്ടു.

&&&&&&&&&&&&&&&&&&

**IRAN - TERRORIST TEAM**

ഇറാന്റെ തെക്കുകിഴക്കൻ പ്രവിശ്യകളിൽ നിന്നും തീവ്രവാദ സംഘത്തിൽ ഉൾപ്പെട്ട ആറ് പേരെ വധിച്ചതായി ഇറാൻ ഇന്റലിജൻസ് മന്ത്രാലയം. രണ്ട് പേരെ അറസ്റ്റ് ചെയ്തതായും ഏറ്റുമുട്ടലിൽ മൂന്ന് ഇറാനിയൻ സൈനികർക്ക് പരിക്കേറ്റതായും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&